


സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ തലശ്ശേരി സേക്രഡ് ഹാർട്ട് ഗേൾസ് എച്ച്എസിലെ വി. ഫിദ സാനിയയും സംഘവും.



# ഒപ്പന ഉസാറ്പ്പാ

## മൊഞ്ചത്തിമാർ തളർന്നു വീണിട്ടും ഒപ്പനയുടെ ആവേശം കുറഞ്ഞില്ല

കാഞ്ഞങ്ങാട് ● കലോത്സവത്തിലെ മുഖ്യ ആകർഷണമായത് ഒപ്പന. ഏറ്റവുമധികം കാണികളെത്തിയതും ഒപ്പന കാണാൻ. ഇശലുകളും കുപ്പിവളക്കിലുക്കങ്ങളും താളക്രമങ്ങളും ആസ്വദിച്ച് കാണികൾ മടങ്ങി. തോഴിമാർ പുതുപ്പെണ്ണിനെയും കൂട്ടി വേദിയിൽ എത്തുമ്പോൾ തന്നെ നിറഞ്ഞ ഹർഷാരവമായി.

ഐങ്ങോത്തെ പ്രധാന വേദിയിൽ നടന്ന ഹൈസ്കൂൾ വിഭാഗം ഒപ്പന മൊഞ്ചായെങ്കിലും ഒപ്പന അവതരിപ്പിച്ചതിനു ശേഷം പല കുട്ടികളും തളർന്നുവീണു. തളർന്നുവീണവരെ വെൽഫയർ കമ്മിറ്റിയുടെ കീഴിൽ പ്രധാന വേദിക്ക് സമീപം ഒരുക്കിയ പ്രഥമ ശുശ്രൂഷാ കേന്ദ്രത്തിൽ എത്തിച്ച് പരിചരണം നൽകി. കൂടുതൽ പരിശോധന അവശ്യമുള്ളവരെ നഗരസഭാ ലൈബ്രറിയിൽ ആരോഗ്യ വകുപ്പ് ഒരുക്കിയ പ്രത്യേക ക്ലിനിക്കിൽ കൊണ്ട് പോയി ചികിത്സ ലഭ്യമാക്കി. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ ജില്ലാ ആശുപത്രിയിലേക്കും മാറ്റി.

കലോത്സവത്തിന്റെ ആദ്യ ദിവസം 14 പേരെയും രണ്ടാം ദിവസം 25 പേരെയുമാണ് ആശുപത്രിയിലെത്തിച്ചത്. ആംബുലൻസ് സേവനം വിവിധ സംഘടനകളും വ്യക്തികളും സൗജന്യമായാണ് ഒരുക്കിയത്.

മലയാള മനോരമ
Emmanuval SILKS
KANHANGAD KANNUR THRISSUR

## പ്രശ്നോത്തരി

### ഇന്നത്തെ ചോദ്യം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പ്രസംഗമത്സരത്തിന് ഒന്നാം സ്ഥാനം കിട്ടിയ, പിൽക്കാലത്തെ വിദ്യാഭ്യാസ മന്ത്രി?

a) എം.എ.ബേബി
b) സി.എച്ച്.മുഹമ്മദ് കോയ
c) സി.രവീന്ദ്രനാഥ്
d) ഇ.ടി.മുഹമ്മദ് ബഷീർ

ഉത്തരങ്ങൾ കാഞ്ഞങ്ങാട് ഐങ്ങോത്തെ കലോത്സവം പ്രധാന വേദിക്കു മുൻവശത്തുള്ള മലയാള മനോരമയുടെ പവലിയനിലെ കൂപ്പൺ ബോക്സിൽ നിക്ഷേപിക്കാം. ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇമ്മാനുവൽ സിൽക്സ് നൽകുന്ന ഗിഫ്റ്റ് വൗച്ചർ സമ്മാനം. ഉത്തരങ്ങൾ വൈകിട്ട് 5നു മുൻപ് ലഭിക്കണം.

### പ്രശ്നോത്തരി വിജയികൾ

ടി.കെ.മുനീർ, കാലിക്കടവ്, കാഞ്ഞങ്ങാട്

കെ.അൻഷ, ആവിക്കര, കാഞ്ഞങ്ങാട്

എം.വി.നിഖിൽരാജ്, ചെറിയാക്കര, കയ്യൂർ

വി.വി.ആനന്ദ്, കാലിക്കടവ്

സി.ഭാസ്കരൻ, കോടോത്ത്, കാഞ്ഞങ്ങാട്

നിഷ, ചായ്യോത്ത്

## ആൽബം



# ഞാനൊരു പെൺകുട്ടിയാണെന്ന് പലരും കരുതി

**ഇടവേള ബാബു**



ഇത് 1977 ൽ എറണാകുളത്ത് നടന്ന സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ എനിക്ക് നാടോടി നൃത്തത്തിൽ ഒന്നാം സ്ഥാനം കിട്ടിയപ്പോഴുള്ള ചിത്രമാണ്. ഞാൻ ഇരിങ്ങാലക്കുട ഗവ.മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥി. അന്ന് പെൺകുട്ടികളുടെ മത്സരത്തിനു ശേഷം ആദ്യം സ്റ്റേജിലെത്തിയ ആൺകുട്ടി ഞാനായിരുന്നു. എന്നാൽ പലരും ഞാനും ഒരു പെൺകുട്ടിയാണെന്ന് കരുതി.മൺകലങ്ങൾ വിൽക്കുന്ന സ്ത്രീയുടെ കഥയാണ് നൃത്തരൂപത്തിൽ അവതരിപ്പിച്ചത്. ഷാഡോ ഗോപിനാഥും എന്റെ അമ്മ ശാന്താരാമനും ആയിരുന്നു ഗുരുക്കൻമാർ. നാടോടിനൃത്തം എന്റെ പ്രിയപ്പെട്ട ഇനമായിരുന്നു.പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാർഥിയായിരിക്കെ നാലു തവണ ഇതേ ഇനത്തിൽ ജേതാവായി. ഈ ചിത്രം ഞാനും സൂക്ഷിച്ചിട്ടുണ്ട്.

# ഇതു നിങ്ങളാണോ ?

## സമ്മാനം ഇന്നുകൂടി

ഈ കാണികൾക്കിടയിൽ മുഖം വൃത്തത്തിൽ അടയാളപ്പെടുത്തിയവരിൽ നിങ്ങളുണ്ടോ ? ഉണ്ടെങ്കിൽ ഈ പത്രത്തിന്റെ കോപ്പിയുമായി ഐങ്ങോത്തെ മൈതാനത്തിന് എതിരെയുള്ള മലയാള മനോരമയുടെ സ്റ്റാളിൽ രാവിലെ 11നും നാലുമണിക്കുമിടയിലെത്തി സമ്മാനം കൈപ്പറ്റാം



### ഇന്നലത്തെ വിജയികൾ

**ഗ്രീഷ്മ** ആലപ്പടമ്പ് ഹൗസ്, മാത്തിൽ

**വി.പി.ഇന്ദുമോൾ** പിഎച്ച്സി മടിക്കൈ, ഏച്ചിക്കാനം

**നിമിഷ** ശ്രീവത്സം, സീ റോഡ്, തൈക്കടപ്പുറം

### സമ്മാനം നേടിയവർ

മിലൻ മുകേഷ്, മണലിൽ ഹൗസ്, കിഴക്കുംകര

റിതു മരിയ, ചാമക്കാട്ടിൽ ഹൗസ്, തൃക്കരിപ്പൂർ

കെ.അമനീഷ്, കിഴിക്കോൽ ഹൗസ്, തായന്നൂർ

ഇ.സി.പ്രസന്ന, പുഷ്പവാടി ഹൗസ്, വെള്ളിക്കോത്ത്

കെ.വി.അഞ്ജന, കോടോത്ത് വളപ്പ്, വെള്ളിക്കോത്ത്

പി.പി.ജ്യോത്സന, നന്ദന, ബിരിക്കുളം

ജ്യോതി, തായന്നൂർ

വി.ശിവാനി, കുമ്പള ഹൗസ്, പാറപ്പള്ളി,

കെ.വി.ഉണ്ണിക്കൃഷ്ണൻ, ഇന്ദുമതി പാലക്കുന്ന്

പി.വി.ദിവ്യ, പുതിയവളപ്പ്, കാഞ്ഞങ്ങാട്

# oh!RANGE

മനോരമ – ഇമ്മാനുവൽ സിൽക്സ് കളർ റിയാലിറ്റി ഷോയിൽ ഇന്നലെ ഓറഞ്ച് വസ്ത്രമണിഞ്ഞ് എത്തിയവർ











